





# Archbishop Mar Antony Kariyil CMI

## Majorarcheparchy of Ernakulam-Angamaly

ബഹുമാനപ്പെട്ട വിനീതച്ചൻെറ മരണത്തിലുള്ള കോയമ്പത്തൂർ പ്രവിശ്യയുടെ ദു:ഖത്തിൽ ഒരു സി.എം.ഐ. സഭാംഗം എന്നതിൽ ഞാനും പങ്കുചേരുന്നു. ജീവൻെറയും മരണത്തിൻെറയും നാഥനായ യേശു ഈ ദു:ഖം തരണം ചെയ്യുവാൻ നമ്മെ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

വിനീതച്ചനെ ഞാൻ പരിചയപ്പെടുന്നത് 1975–ൽ ധർമ്മാരാമിൽ ഒരു ദൈവശാസ്ത്ര വിദ്യാർത്ഥിയായിരിക്കുമ്പോഴാണ്. അദ്ദേഹം ഞങ്ങളെ അന്ന് ക്രിസ്റ്റോളജി പഠിപ്പിച്ചു. നമ്മെകൊണ്ട് ചിന്തിപ്പിക്കത്തക്ക രീതിയിലാണ് അദ്ദേഹം ക്ലാസ്സുകൾ കൈകാര്യം ചെയ്തിരുന്നത്. ആ അവസരത്തിൽ അദ്ദേഹം ലിറ്ററി അക്കാദമി ഡിറക്ടറും, ഞാൻ സെക്രട്ടറിയുമായിരുന്നതുകൊണ്ടും വളരെയധികം അദ്ദേഹവുമായി അടുത്തിടപഴകുവാൻ സാധിച്ചിട്ടുണ്ട്. വളരെ ക്രിയാത്മകമായ നിർദ്ദേശങ്ങളും ആശയങ്ങളും അദ്ദേഹം ആ അവസരങ്ങളിൽ എന്നോട് പങ്കുവെച്ചിരുന്നു.

ഇന്ത്യൻ സന്യാസം അദ്ദേഹത്തിൻെറ മനസ്സിലുണ്ടായിരുന്ന ഒരു വലിയ ആശയമായിരുന്നു. അതിനെക്കുറിച്ച് അദ്ദേഹം പലപ്പോഴും സംസാരിച്ചിരുന്നത് ഞാൻ ഓർക്കുന്നുണ്ട്. ബാംഗ്ലൂരിനടുത്തുള്ള ബണ്ണർഘട്ടയിൽ അദ്ദേഹം സ്ഥാപിച്ച വിദ്യാവനം വിനീതച്ചൻെറ ഈ സ്വപ്നത്തിൻെറ സാക്ഷാത്കാരമാണ്. വിദ്യാവനം ക്യാമ്പസിലേക്കും, പ്രത്യേകിച്ച് അവിടെയുള്ള ചാപ്പലിലേയ്ക്കും നാം കയറുമ്പോൾ ഒരു പ്രത്യേക ദൈവീക അനുഭവമാണ് നമുക്കുണ്ടാകുന്നത്.

ധർമ്മാരാമുമായി, ഡി.വി.കെ. പ്രസിഡൻറ്, ഡി.വി.കെ. ഫിലോസഫി ഡീൻ, ഫിലോസഫിയിലെ പ്രൊഫസർ എന്നീ നിലകളിൽ ഏകദേശം നാലു പതിറ്റാണ്ടുകാലം ബന്ധപ്പെട്ട ഒരു വ്യക്തി എന്ന നിലയിൽ, വിനീതച്ചന് ഒരു വലിയ ശിഷ്യഗണം തന്നെ ഉണ്ട്. അവരിൽ ഒരാളായി ഞാനും അവരോട് ചേർന്ന് അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിക്കുന്നു. കോയമ്പത്തൂർ പ്രേഷിത പ്രവിശ്യയോടുള്ള അനുശോചനം അറിയിക്കുന്നു; പ്രാർത്ഥന വാഗ്ദാനം ചെയ്യുന്നു. ദൈവം അദ്ദേഹത്തിന് നിത്യസമ്മാനം നൽകി അനുഗ്രഹിക്കട്ടെ!